ശ്രീ. ബി. വെല്ലിംഗ്ടൺ: ആ ഫയൽ എന്റെ അടുത്തുവന്നില്ല. വന്നു കഴിഞ്ഞാൽ ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ക്ഷയരോഗാശുപത്രികളിൽ നിന്നും രോഗികൾക്ക് അടുത്തുള്ള ആശുപത്രിയിൽ പോയി മരുന്നു വാങ്ങിക്കാൻ സ്ലിപ്പു കൊടുക്കുകയും അവിടെ ചെന്നാൽ മരുന്നു കിട്ടാതെ വരുകയും ചെയ്യുന്നു. അതു കൊണ്ട് അവിടവിടെതന്നെ മരുന്നു സപ്ലൈ ചെയ്യാൻ ആവശ്യമായ നിർദ്ദേശം ഡി. എം. ഒ. മ്മാർ കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഇറക്കുമതിയുടെ കാര്യത്തിൽ വന്ന ബുദ്ധിമുട്ടു കാരണം ചില പ്രയാസങ്ങളെല്ലാം ഉണ്ടായിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റ് ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നതായിട്ട് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടെ നിർമ്മാണത്തിലിരിക്കുന്ന ബണ്ടുകൾ

* 221 [777] ശ്രീ. മുസ്തഫാകൈമൾ:
,, ഈ. പി. കൃഷ്ണൻ നമ്പ്യാർ:
,, സി. ബി. ചന്ദ്രശേഖരവാര്യർ:
,, ആർ. കൃഷ്ണൻ (പാലക്കാട്):
,, വി. എസ്. അച്യുതാനന്ദൻ:
,, എൻ. വാസുദേവൻപിള്ള:
,, ടി. കെ. രാമകൃഷ്ണൻ:
,, പി. കെ. കുഞ്ഞച്ചൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, എം. കെ. ജോർജ്ജ്:
,, എ. എസ്. എൻ. നമ്പീശൻ:
,, വി. വി. ദക്ഷിണാമൂർത്തി:
,, എ. വി. ആര്യൻ:
,, പാലൊളി മുഹമ്മദുകുട്ടി:
,, ടി. കെ. കൃഷ്ണൻ:
,, കെ. ചാത്തുണ്ണിമാസ്റ്റർ:
,, എസ്. ദാമോദരൻ:
,, ഈ. ബാലാനന്ദൻ:
,, കെ. ഐ. രാജൻ:
,, എം. സദാശിവൻ:
,, സി. കെ. ബാലകൃഷ്ണൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ബണ്ടുകൾ എത്ര ; ഏതെല്ലാം ;

(ബി) ഈ ബണ്ടുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) കേന്ദ്രസംസ്ഥാനഗവണ്മെന്റുകളുടെ ശ്രദ്ധയിലിരിക്കുന്ന തണ്ണീർമുക്കം ബണ്ടിൽ വൻപിച്ച അഴിമതി നടക്കുന്നു എന്ന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തണ്ണീർമുക്കം ബണ്ടിന്റെ ആവശ്യത്തിലേക്കായി 1958-ൽ ഇറക്കിയ 128 ഷട്ടറുകൾ ഉപ്പുവെള്ളത്തിൽകിടന്നു നശിക്കുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പ്രോജക്ററിലെ ഡ്രൈഡ്ഗുകളുടെ പ്രവർത്തനത്തിനായി ആഴ്ചതോറും എത്ര വീപ്പ ഡീസൽ ഓയിൽ സപ്ലൈ ചെയ്യുന്നുണ്ട് ;

(എഫ്) പ്രസ്തുത പ്രോജക്ററിലെ ഉദ്യോഗസ്ഥന്മാരും കോൺട്രാക്ടർമാരും കൂടി പ്രതിമാസം 1800 ലിറ്റർ ഡീസൽ ഓയിൽ ചോർത്തിയെടുക്കുന്നതായുള്ള പരാതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അതേപ്പറ്റി അടിയന്തിരമായി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പ്):

(എ) തണ്ണീർമുക്കം സാംക്രവാട്ടർ ബാരിയർ-കം-റഗുലേറ്റർസ് സ്റ്റേറ്റു പ്ലാനിൽ ഉൾപ്പെടുത്തി നടത്തപ്പെടുന്ന ഒരു പദ്ധതിയാണ്. ബണ്ടുകൾ എന്ന വാക്കുകൾക്ക് പ്രോദ്യത്തിൽ അർത്ഥമാക്കിയിട്ടുള്ളത് ഏതുതരം ബണ്ടുകളാണെന്ന് വ്യക്തമല്ല.

(ബി) കുട്ടനാട്ടിലെ നെൽപ്പാടങ്ങളിൽ ഓരുവെള്ളം കയറുന്നതു നിരോധിക്കുകയും അതുവഴി ഇരുപ്പുകൃഷി സാദ്ധ്യമാക്കിത്തീർക്കുകയും ചെയ്യുകയെന്നുള്ളതാണ് ഈ പദ്ധതി മൂലം ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ചില പരാതികൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തണ്ണീർമുക്കം ബാരിയറിന്റെ ആവശ്യത്തിനു 1958-ൽ 128 ഷട്ടറുകൾ വരുത്തിയിട്ടില്ല. എന്നാൽ പണിയുടെ ആരംഭത്തിൽ വരുത്തിയ 93 ഷട്ടറുകൾക്ക് സ്വയമേവ ഉണ്ടാകാവുന്ന തരത്തിലുള്ള തുരുമ്പുപിടിച്ചിട്ടുണ്ട്.

(ഇ) ആഴ്ചതോറും ഓയിൽ സപ്ലൈ ചെയ്യുന്നില്ല. ഡ്രൈഡ്ജറുകൾ ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിയന്ത്രണത്തിലാണ്. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് അപ്പപ്പോൾ ഓയിൽ സപ്ലൈ ചെയ്യുകയാണ് പതിവു്.

(എഫ്) ഒരു പരാതി കിട്ടിയിട്ടുണ്ട്.

(ജി) അന്വേഷിച്ച നടപടികൾ എടുക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: (സി)യുടെ ഉത്തരത്തിൽ ചില പരാതികൾ കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു. എന്തൊക്കെയാണ് പരാതികൾ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ശ്രീ. സി. കെ. ഗോപാലപണിക്കർ വെട്ടുകളത്തിൽ വീട്, തമ്പാനൂർ, തിരുവനന്തപുരം 16-6-67-ൽ ഒരു പരാതി തന്നിട്ടുണ്ട്. അതിൽ രണ്ടു പയിൽസിന്റെ കരാറിനെ സംബന്ധിച്ചും ഒരു കാൺട്രാക്ടിൽ തടഞ്ഞുവച്ച സംഖ്യ തിരിച്ചുകൊടുത്തുകൊണ്ട് പിരിച്ചുവിട്ടതായിട്ടും പറഞ്ഞിട്ടുണ്ട്. അതിനെസംബന്ധിച്ച് വിജിലൻസ് ഡിപ്പാർട്ടുമെൻറ് അന്വേഷണം നടത്തിയതിൽ ഫർതർ എൻക്വയറി ആവശ്യമാണെന്നു കാണുകയും അതിനുള്ള ഉത്തരവു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഡീസലിന്റെ കാര്യത്തിൽ, ഡ്രൈഡ്ഗർ ഉപയോഗിക്കുന്നതു ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരാണെന്നു പറയുകയുണ്ടായി. എന്നാൽ ഡീസൽ ഓയിലിനെ സംബന്ധിച്ച് പരാതി ഉണ്ടായിരിക്കുന്ന സ്ഥിതിക്ക് അതിനെ സംബന്ധിച്ച് അന്വേഷിക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: 1969 ജൂണിൽ 9000 വും ജൂലൈയിൽ 4000വും ആഗസ്ററിൽ 11000 വും സെപ്ററമ്പറിൽ 2000 വും ലിറ്റർ ഓയിൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഒരു പത്രത്തിൽ വന്ന ആരോപണത്തെ അടിസ്ഥാനമാക്കി അടിയന്തിരമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ അതിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: 128 ഷട്ടറുകളിൽ തുരുമ്പു പിടിച്ചിട്ടില്ല 93 ഷട്ടറിലെ തുരുമ്പുപിടിച്ചിട്ടുള്ളൂ എന്നു പറയുകയുണ്ടായി. നമ്പരിന്റെ കാര്യത്തിൽ തർക്കമില്ല. ഇത്രയെങ്കിലും സമ്മതിച്ചതിൽ സന്തോഷമുണ്ട്. ഏതായിരുന്നാലും പതിനായിരക്കണക്കിനു് ക്രൂപ സർക്കാരിനു് നഷ്ടം വരുത്താൻ ഇടയാക്കിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഷട്ടർ തുരുമ്പുപിടിച്ചതിനെ സംബന്ധിച്ചു് അസംബ്ലിയിൽ ഉണ്ടായ ഒരു ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ ഉത്തരവിടുകയുണ്ടായി. അന്വേഷണത്തിൽ 93 ഷട്ടറുകൾ വാങ്ങിച്ചുവെന്നും അതിൽ സാധാരണയുണ്ടാകുന്ന രീതിയിലുള്ള തുരുമ്പു പിടിച്ചുവെന്നും കാണുകയുണ്ടായി. ആ തുരുമ്പു് നീക്കം ചെയ്തിട്ടുണ്ട്. ഇങ്ങനെയാണു് റിപ്പോർട്ട് കിട്ടിയതു്. ഇനി കേന്ദ്ര ജലസേചന വിദ്യുച്ഛക്തി മന്ത്രി ശ്രീ. കെ. എൻ. വി. റാവു അവിടെ സന്ദർശിക്കുമ്പോൾ സ്റ്റേറ്റു ഗവണ്മെൻറിന്റെ ആളുകൾ കൂടെപോകുന്നതും ഇതിനെപ്പറ്റി ഒന്നുകൂടി പരിശോധിക്കുന്നതുമാണു്. അപ്പോൾ ഈ റിപ്പോർട്ടു് തെറ്റോ ശരിയോ എന്നറിയാം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയും നമ്മുടെ മന്ത്രിയും മറ്റും സന്ദർശിക്കാൻ ചെല്ലുന്ന അവസരത്തിൽ സ്വാഭാവികമായും അവർക്കു കാണുന്നതിനു വേണ്ടി ഉടുത്തൊരുങ്ങി നിൽക്കുമെന്നുള്ളതു തീർച്ചയാണു്. അതുകൊണ്ടു് ക്രമക്കേടുകൾ കണ്ടുപിടിക്കാൻ സാധിക്കുകയില്ല. എന്നാൽ നമ്മുടെ ഗവണ്മെൻറിന്റെ മെഷീനറി ഉപയോഗിച്ചു് നിരുത്തരവാദികളും അഴിമതിക്കാരുമായ ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിച്ചു ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇതിനെ സംബന്ധിച്ചു് അന്വേഷണം നടത്തിയിട്ടുണ്ട്. കൂടുതൽ അന്വേഷണം ആവശ്യമാണെന്നു കണ്ടതുകൊണ്ടു് രണ്ടു മെഷീനുകൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്—വിജിലൻസ് മെഷീനറിയും ഡിപ്പാർട്ടുമെൻറു് മെഷീനറിയും. ഷട്ടറിനെ സംബന്ധിച്ചു് അന്വേഷിച്ചപ്പോൾ അവരുടെ റിപ്പോർട്ടു് ഇങ്ങനെയാണു് കിട്ടിയതു്. ഈ റിപ്പോർട്ടു് ശരിയോ തെറ്റോ എന്നുള്ളതു് ഒന്നുകൂടി പരിശോധിക്കാനുള്ള അവസരമുണ്ടെന്നാണു് ഞാൻ പറഞ്ഞതിന്റെ അർത്ഥം.

ശ്രീ. എം. കെ. ജോർജ്ജ്: ഈ തണ്ണീർമുക്കം ബണ്ടിന്റെ പണി തുടങ്ങിയിട്ടു് പത്തു വർഷമായി. എന്നത്തേയ്ക്കു് ഇതു പൂർത്തിയാകുമെന്നു് പറയാൻ തയ്യാറാകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇന്നത്തെ സാഹചര്യം കണക്കിലെടുത്തുകൊണ്ടു നോക്കിയാൽ 73 അവസാനത്തിൽ മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. എ. വി. ആര്യൻ: കരിവന്നൂർ ബേസിൻ എന്നു പറഞ്ഞു് ഒരു സ്കീമുണ്ട്. 1957-ൽ ആരംഭിച്ചതാണു്. ഷട്ടറുകൾ എല്ലാം വന്നിട്ടും ഇല്ലിക്കൽ റഗുലേറ്ററിന്റെ പണി പൂർത്തിയാക്കിയിട്ടില്ല. അതുപോലെതന്നെ കുട്ടമംഗലം

LIBRARY ARCHIVES Kerala Legislative Assembly

സ്കീമിന്റെ കാര്യവും. അതും നിറുത്തിവച്ചിരിക്കുകയാണു്. ഇതിന്റെ കാരണം ഒന്നു വ്യക്തമാക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: അതിനെസംബന്ധിച്ച വിവരം ഇപ്പോഴും എന്റെ കൈവശമില്ല. ബഹുമാനപ്പെട്ട മെമ്പറുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ അന്വേഷിക്കാം.

(ii) UNSTARRED QUESTION AND ANSWER

മാവേലിക്കര സബ്ബു് റജിസ്ട്രാർ ആഫീസു്

48 [819] ശ്രീ. ജി. ഗോപിനാഥൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗത മന്ത്രി സദയം മറുപടി നൽകുമോ ;

(എ) മാവേലിക്കര സബ്ബു് രജിസ്ട്രാർ ആഫീസു് പുതുക്കി പണിയുന്നതിലേക്കു് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഇന്നത്തെ ആഫീസു് കെട്ടിടത്തിന്റെ ശോച്യാവസ്ഥയെ പരിഗണിച്ചു് ഉടനടി കെട്ടിടം പുതുക്കിപ്പണിയുന്നതിനു് വേണ്ട നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ, ബി) കെട്ടിടം പുതുക്കി പണിയുന്നതിലേക്കായി എസ്റ്റിമേറും പ്ലാനും തയ്യാറാക്കുന്നതിനു്, പൊതുമരാമത്തു് വകുപ്പിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. അവ ലഭിക്കുന്ന മുറക്കു് മേൽ നടപടികളും നടത്തുന്നതാണു്.

[9 a.m.]

ശ്രീ. കെ. കെ. അബു: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണു്. കഴിഞ്ഞ 3-ാം തീയതി ഒരു അനൗദ്യോഗിക പ്രമേയം ചർച്ചയ്ക്കു വരികയും ചർച്ച കുറേ നേരം നീണ്ടുപോകുകയും ചെയ്തു. പക്ഷേ അന്നു് അതു ചർച്ച ചെയ്യാൻ നിശ്ചയിച്ചിരുന്ന സമയമനുസരിച്ചു് 12-30 നു് അവസാനിപ്പിക്കണമെന്നായിരുന്നു. ആരോഗ്യകാര്യ മന്ത്രിക്കു് മറുപടി പറയാൻ അവസരം കൊടുക്കണമെന്നു പറഞ്ഞിരുന്നു. 15 മിനിട്ടു സമയം കൊടുക്കാമെന്നു പറഞ്ഞു് 15 മിനിട്ടു സമയം ഹൗസിന്റെ സമ്മതത്തോടുകൂടി നീട്ടിക്കൊടുക്കണമായിരുന്നു. ഹൗസ് സമ്മതിക്കണമോ എന്നു ബഹുമാനപ്പെട്ട സ്പീക്കർ അന്നു പറഞ്ഞില്ല. പല കാര്യങ്ങളെക്കുറിച്ചും പറയാനുണ്ടായിരുന്ന ആരോഗ്യ മന്ത്രിക്കു പ്രസംഗിക്കാൻ സാധിച്ചില്ല. സാധാരണ ഇത്തരം പ്രമേയങ്ങളും വരുന്ന രീതിയനുസരിച്ചും ചർച്ചകളിൽ കാണാറുള്ളതനുസരിച്ചുമാണെങ്കിൽ പറയാനുള്ള ആളുകൾക്കു് പറയാൻ അവസരം കൊടുക്കുകയും ബന്ധപ്പെട്ട മന്ത്രി സമാധാനം പറയുകയും ഭേദഗതികളും ഒന്നുകിൽ പ്രസ്സുചെയ്യുകയോ അല്ലെങ്കിൽ പിൻവലിക്കുകയോ ചെയ്യുകയുമാണു്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ബഹുമാനപ്പെട്ട മെമ്പർ പോയിന്റ് ഓഫ് ആർഡർ ഉന്നയിക്കുകയാണോ ?

ശ്രീ. കെ. കെ. അബു: പോയിന്റ് ഓഫ് ആർഡറല്ല, സബ്മിഷനാണു്. പ്രധാനപ്പെട്ട ഒരു കാര്യത്തെക്കുറിച്ചാണു്. അതു പറഞ്ഞോ മതിയാകും.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഇതെന്താണെന്നു മനസ്സിലാകുന്നില്ല.

ഡെപ്യൂട്ടി സ്പീക്കർ: ഞാൻ അനുവദിച്ചശേഷമാണു് ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly